<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2322</u> <u>13-09-2023 - ൽ മറുപടിയ്ക്ക്</u>

<u>പേരാമ്പ്ര താലൂക്ക് ആശുപത്രി നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ നിർമ്മാണത്തിന് എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്; | (എ) | പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ നിർമ്മാണത്തിന് 77.43 കോടി രൂപയുടെ ഭരണാനുമതിയും 56.06 കോടി രൂപയുടെ ധനാനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | സി.കെ.ജി. മെമ്മോറിയൽ ഗവ. കോളേജിന്റെ സ്ഥലം ആശുപത്രി നിർമ്മാണത്തിന് വിട്ടുകിട്ടുന്നതിനായുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (ബി) | സി.കെ.ജി മെമ്മോറിയൽ ഗവ. കോളേജിന്റെ സ്ഥലം ആശുപത്രി നിർമ്മാണത്തിന് വിട്ടുകിട്ടുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിരാക്ഷേപ സാക്ഷ്യ പത്രം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ എപ്പോൾ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ; | (സി) | സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായി ഏത് ഏജൻസിയെ ആണ് ചുമതലപ്പെടുത്തിയതെന്ന് അറിയിക്കാമോ? | (ഡി) | കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ഇൻകലി (INKEL) നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ